# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5392 — 26.03.2018 -ൽ മറുപടിയ്ക്ക്

ഭവന നിർമ്മാണ വായ്പയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ.രാജേഷ്: | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വായ്പ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) കേരളസംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളെ സഹായിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ സർക്കാർ അനുമതിയോടെ 07.02.2004 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒ.റ്റി.എസ് പദ്ധതിയുടെ കാലാവധി 31.03.2018 വരെ ബോർഡിൽ നിലവിലുണ്ട്. വായ്പ എടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവർക്കും ഈ പദ്ധതി ആനുകൂല്യം പ്രയോജനപ്പെടുത്തി വായ്പ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും ഗുണഭോക്താക്കൾ ആകുന്നതിനുള്ള മാനദണ്ഡങ്ങളും വിശദമാക്കുമോ? | (ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായവർക്ക് ഒ.റ്റി.എസ് കാലാവധിയ്ക്കുള്ളിൽ വായ്പാ കണക്ക് തീർപ്പാക്കുന്ന പക്ഷം ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം താഴ്ന്ന/ഇടത്തരം/ഉയർന്ന വരുമാന വിഭാഗക്കാരായ മുഴുവൻ ഗുണഭോക്താക്കളുടേയും പിഴപ്പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ താഴ്ന്ന |

വരുമാന വിഭാഗക്കാരായ ഗുണഭോക്താക്കളുടെ മുടക്ക പലിശയിൽ പൂർണ്ണമായും ഇളവ് അനുവദിച്ചിട്ടുണ്ട്. ഇടത്തരം/ഉയർന്ന വിഭാഗക്കാരായ കുടിശ്ശികക്കാരുടെ മുടക്കപ്പലിശയിൽ യഥാക്രമം 70 ശതമാനവും 50 ശതമാനവും ഇളവ് അനുവദിച്ചിട്ടുണ്ട്.

Sabhel

സെക്ഷൻ ഓഫീസർ